(എ) തിരുവിതാംകൂർ ദേവസ്വംബോർഡിൽ ഒരു 'സീക്രട്ട് സർവ്വീസ് ഫണ്ട്' ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയാണ് ഈ ഫണ്ടിന്റെ തുക;

(സി) ദേവസ്വംബോർഡിലെ ഏതെല്ലാം ഉദ്യോഗസ്ഥന്മാർ 'സീക്രട്ട് സർവ്വീസ് ഫണ്ടിൽ' നിന്നും കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ ഓരോ വർഷവും എന്തു തുകവീതം പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആരെങ്കിലും ഈ ഫണ്ടിന്റെ കണക്ക് ഹാജരാക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(ഇ) കണക്ക് ഹാജരാക്കാത്തവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഇപ്രകാരം ഒരു ഫണ്ട് ഏർപ്പെടുത്തിയിരുന്നു. എന്നാൽ 14.12.99 മുതൽ ഇത് നിർത്തലാക്കി.

(ബി) ബോർഡിന്റെ 31.1.91-ലെ ഉത്തരവു പ്രകാരം പ്രതിവർഷം 20,000 രൂപയും 5.7.93-ലെ ഉത്തരവുപ്രകാരം പ്രതിവർഷം 25,000 രൂപയും ആണ് ഈ ഫണ്ടിലെ തുക.

(സി) അതാത് കാലത്തെ ദേവസ്വം വിജിലൻസ് ആന്റ് സെക്യൂരിറ്റി പോലീസ് സൂപ്രണ്ട് തുക പിൻവലിച്ചിട്ടുണ്ട്.

95-96	-	20,000 രൂപ
96-97	-	25,000 രൂപ
97-98	-	25,000 രൂപ
98-99	-	25,000 രൂപ
99-2000	-	25,000 രൂപ

(ഡി) കണക്കുകൾ ഹാജരാക്കിയിട്ടില്ല. കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 11 അപ്പെൻഡിക്സ് 6 പ്രകാരം വൗച്ചറുകൾ ഹാജരാക്കേണ്ടതില്ല എന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) സീക്രട്ട് സർവ്വീസ് ഫണ്ട് ഓപ്പറേറ്റ് ചെയ്യുന്നതു മേൽവകുപ്പ് പ്രകാരമായതിനാൽ ചോദ്യം ഉദിക്കുന്നില്ല.

104 (1145) അനധികൃത തടിവെട്ട് കേസ്സുകൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗതാഗത വകുപ്പുമന്ത്രി ശ്രീ. നീലലോഹിതദാസൻ നാടാർ മന്ത്രിയായതു മുതൽ രാജിവയ്ക്കുന്നതുവരെ സംസ്ഥാനത്ത് എത്ര അനധികൃത തടിവെട്ടു കേസ്സുകൾ കണ്ടുപിടിക്കപ്പെട്ടു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാലത്ത് അനധികൃത തടിവെട്ട് നടന്നിട്ടില്ലെന്ന അവകാശ വാദത്തിൽ എത്രമാത്രം യാഥാർത്ഥ്യമുണ്ടെന്ന് പറയുമോ;

(സി) മുൻമന്ത്രിമാർക്കെതിരെ വനം മാഫിയ പ്രവർത്തിച്ചിരുന്നതായി ഗവണ്മെന്റിന് എന്തെങ്കിലും തെളിവ് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) ഇതേപ്പറ്റി അന്വേഷണം നടത്തുമോ?

ഉത്തരം

(എ) 2226 കേസ്സുകൾ ബുക്കു ചെയ്തിട്ടുണ്ട്.

(ബി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

105 (1146) കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ സർക്കാർ എന്തെല്ലാം നടപടിക ളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്ര ഗവ ണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങളോട് കേന്ദ്ര ഗവണ്മെന്റിന്റെ സമീ പനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ഗവണ്മെന്റ് സമർപ്പിച്ച എന്തെല്ലാം പ്രശ്നങ്ങൾക്ക് ഇതിനകം പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക മേഖല നേരിടുന്ന മുഖ്യമായ പ്രതിസന്ധി വിലത കർച്ചയിലുപരി വിലയിലുണ്ടാകുന്ന അസ്ഥിരതയും ഉല്പാദനചെലവിലുണ്ടാ കുന്ന വർദ്ധനവുമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി താഴെപറ യുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(1) രാസവളം, വിത്ത് എന്നിവ സബ്സിഡി നൽകി വിതരണം ചെയ്യുന്നു.

(2) ഫാം മെക്കനൈസേഷൻ പ്രോത്സാഹിപ്പിക്കുകയും അതിന് ധനസഹായം നൽകുകയും ചെയ്യുന്നു. ട്രില്ലർ തുടങ്ങിയവ നൂറു ശതമാനം സബ്സിഡിയോടെ പാടശേഖരങ്ങൾക്കും മറ്റും നൽകുന്നു.

(3) നെൽകൃഷിക്ക് ഉല്പാദനബോണസ് വർദ്ധിപ്പിച്ചു. ഇനിയും വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly